I/5842311/2023

"ഭരണഭാഷ- മാതൃഭാഷ"

Azadi Ka Amrit Mahotsav

**കേരള സർക്കാർ**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്

നം.സി2/228/2022/ഐ&പി.ആർ തിരുവനന്തപുരം,തീയതി: 16-08-2023

**വിജ്ഞാപനം**

സൂചന:- 01.02.2023 തിയതിയിലെ സ.ഉ(കൈ) നം 01/2023/ഐ&പി.ആർ.ഡി നമ്പർ ഉത്തരവ്.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സംയോജിത വികസന വാർത്താ ശൃംഖല (പ്രിസം) പദ്ധതിയുടെ ഭാഗമായി വകുപ്പ് ഡയറക്ടറേറ്റിൽ സബ് എഡിറ്റർ, കണ്ടന്റ് എഡിറ്റർ പാനലിൽ ഒരോ ഒഴിവുകളും, കോട്ടയം ജില്ലയിൽ കണ്ടന്റ് എഡിറ്റർ പാനലിൽ ഒരു ഒഴിവും, തൃശ്ശൂർ ജില്ലയിൽ കണ്ടന്റ് എഡിറ്റർ, ഇൻഫർമേഷൻ അസിസ്റ്റന്റ് പാനലിൽ ഓരോ ഒഴിവുകളും, പത്തനംതിട്ട, പാലക്കാട് ജില്ലകളിൽ ഇൻഫർമേഷൻ അസിസ്റ്റന്റ് പാനലിൽ ഓരോ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത പാനൽ ഒഴിവുകൾ നികത്തുന്നതിന് അർഹരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകന്റെ ഫോട്ടോ, വിദ്യാഭ്യാസ യോഗ്യത, തിരിച്ചറിയൽ രേഖ, പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. 2024 മാർച്ച് മാസം വരെയാണ് പാനലിന്റെ കാലാവധി. തൃപ്തികരമായ നിലവാരം പുലർത്താത്തവരെ പാനലിൽ നിന്ന് ഒഴിവാക്കുന്നതാണ്. അതത് ജില്ലയിലെ പാനലിൽ ഉൾപ്പെടുന്നതിന് താത്പര്യമുള്ളവർ പ്രസ്തുത ജില്ലാ ഇൻഫർമേഷൻ ഓഫീസിലും വകുപ്പ് ഡയറക്ടറേറ്റിലെ പാനലിൽ ഉൾപ്പെടുന്നതിന് താത്പര്യമുള്ളവർ സെക്രട്ടേറിയറ്റിലെ സൗത്ത് ബ്ലോക്ക് ഗ്രൗണ്ട് ഫ്ലോറിലുള്ള പ്രസ് റിലീസ് വിഭാഗത്തിലും അപേക്ഷ സമർപ്പിക്കേണ്ടതാണ്.

അവസാന തിയതി 2023 സെപ്തംബർ 5.

യോഗ്യത

a) സബ് എഡിറ്റർ : ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവകലാശാല ബിരുദവും ജേണലിസം / പബ്ലിക് റിലേഷൻസ് / മാസ് കമ്മ്യൂണിക്കേഷൻ ഡിപ്ലോമയും. അല്ലെങ്കിൽ ജേണലിസം / പബ്ലിക് റിലേഷൻസ്/ മാസ് കമ്മ്യൂണിക്കേഷിൽ അംഗീകൃത സർവകലാശാല ബിരുദം. ജേണലിസം ബിരുദാനന്തര ബിരുദക്കാർക്കും അപേക്ഷിക്കാം. പത്ര ദൃശ്യമാധ്യമങ്ങളിലോ വാർത്താ ഏജൻസികളിലോ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ പി ആർ , വാർത്താ വിഭാഗങ്ങളിലോ രണ്ട് വർഷത്തെ പ്രവൃത്തി പരിചയം.

b) കണ്ടന്റ് എഡിറ്റർ : ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവകലാശാല ബിരുദവും വീഡിയോ എഡിറ്റിംഗിലും കണ്ടന്റ് എഡിറ്റിംഗിലും പ്രാവീണ്യവും. വീഡിയോ എഡിറ്റിംഗ് പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന.

b) ഇൻഫർമേഷൻ അസിസ്റ്റന്റ്: ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേണലിസം/ പബ്ലിക് റിലേഷൻസ് / മാസ് കമ്മ്യൂണിക്കേഷൻ ഡിപ്ലോമയും. അല്ലെങ്കിൽ ജേണലിസം / പബ്ലിക്

റിലേഷൻസ്/ മാസ് കമ്മ്യൂണിക്കേഷനിൽ അംഗീകൃത ബിരുദം. പത്ര ദൃശ്യമാധ്യമങ്ങളിലോ വാർത്താ ഏജൻസികളിലോ ഓൺലൈൻ മാധ്യമങ്ങളിലോ സർക്കാർ /അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ പി ആർ വാർത്താ വിഭാഗങ്ങളിലോ ഒരു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടാവണം.

പരമാവധി പ്രതിമാസ പ്രതിഫലം / ആനുകൂല്യം

ഒരു മാസത്തിലെ ആകെ പ്രവൃത്തി ദിനങ്ങളിൽ ജോലിക്ക് നിയോഗിക്കുന്ന ദിവസങ്ങളും സ്പെഷ്യൽ സ്റ്റോറികളുടെ എണ്ണവും കണക്കാക്കി പ്രതിഫലം നൽകുന്നതാണ്. മുഴുവൻ പ്രവൃത്തി ദിനങ്ങളിലും സേവനമനുഷ്ഠിക്കുന്ന എംപാനൽ ചെയ്യപ്പെട്ടിട്ടുള്ളവർക്ക് പരമാവധി നിശ്ചയിച്ചിട്ടുള്ള പ്രതിമാസ പ്രതിഫലം ചുവടെ പറയും പ്രകാരമാണ്.

സബ് എഡിറ്റർ : 21,780/- രൂപ

കണ്ടന്റ് എഡിറ്റർ : 17,940/- രൂപ

ഇൻഫർമേഷൻ അസിസ്റ്റന്റ് : 16,940/- രൂപ

V) ചുമതല

പാനലിൽ ഉൾപ്പെടുന്ന വ്യക്തികളുടെ ചുമതല:

ഇൻഫർമേഷൻ അസിസ്റ്റന്റ്

ഐ ആന്റ് പി. ആർ. ഡി ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം പഞ്ചായത്ത്, ബ്ലോക്ക് തലത്തിലുള്ള വികസന വാർത്തകൾ ഇൻഫർമേഷൻ അസിസ്റ്റന്റുമാർ ശേഖരിച്ച് ജില്ലാ ഇൻഫർമേഷൻ ഓഫീസിലേക്ക് നൽകുക. ഇവിടെ നിന്ന് ഇത് മാധ്യമങ്ങൾക്ക് നൽകുന്നതിനൊപ്പം സോഷ്യൽ മീഡിയയിലേക്കും നൽകുക. കൂടാതെ വാർത്തകൾ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ്പോർട്ടൽ, പി. ആർ. ഡി ലൈവ് മൊബൈൽ ആപ്പ് എന്നിവയിലും നൽകുക. അഭിമുഖം, സ്പെഷ്യൽ സ്റ്റോറികൾ, ക്ഷേമ പദ്ധതി വാർത്തകൾ എന്നിങ്ങനെ വ്യത്യസ്ത തലത്തിലുള്ള വാർത്തകൾ ഇൻഫർമേഷൻ അസിസ്റ്റന്റുമാർ തയ്യാറാക്കേണ്ടതാണ്. വകുപ്പ് സംഘടിപ്പിക്കുന്ന പ്രചാരണ പരിപാടികളിലും ഇവർ പ്രധാന പങ്ക് വഹിക്കേണ്ടതാണ്. സംസ്ഥാന സർക്കാരിന്റെ വാർഷികം പോലെയുള്ള ( എന്റെ കേരളം പ്രദർശനം) പരിപാടികളിലും റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർമാർ സംഘടിപ്പിക്കുന്ന ഫീൽഡ് പബ്ലിസിറ്റി പ്രവർത്തനങ്ങളിലും ഇൻഫർമേഷൻ അസിസ്റ്റന്റിന്റെ സേവനം വിനിയോഗിക്കാം. മൊബൈൽ ജേണലിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി തയ്യാറാക്കുന്ന മോജോ വീഡിയോകളും പ്രചരിപ്പിക്കണം.

സബ് എഡിറ്റർ

ഐ ആന്റ് പി. ആർ. ഡി ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം ഇൻഫർമേഷൻ അസിസ്റ്റന്റുമാർ നൽകുന്ന വാർത്തകൾ എഡിറ്റ് ചെയ്യുന്ന ചുമതലയാണ് സബ് എഡിറ്റർമാർ പ്രധാനമായും നിർവഹിക്കേണ്ടത്. മാധ്യമങ്ങൾക്കുള്ള വാർത്തകൾ തയ്യാറാക്കി യഥാസമയം നൽകുന്നതിനൊപ്പം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പോർട്ടൽ, മൊബൈൽ ആപ്പ് എന്നിവയിലേക്കുള്ള വാർത്തകൾ ഡയറക്ടറേറ്റിലേക്ക് സബ് എഡിറ്റർ അയയ്ക്കണം. ജില്ലകളിൽ നടക്കുന്ന പ്രധാന പരിപാടികളുടെ കവറേജും സബ് എഡിറ്റർമാർ നിർവഹിക്കേണ്ടതാണ്. കണ്ടന്റ് എഡിറ്റർമാർ തയ്യാറാക്കുന്ന വീഡിയോകൾക്കാവശ്യമായ സ്ക്രിപ്റ്റ് എഡിറ്റ് ചെയ്ത് തയ്യാറാക്കണം.

I/5842311/2023

കണ്ടന്റ് എഡിറ്റർ

ഐ ആന്റ് പി. ആർ. ഡി ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം ഇൻഫർമേഷൻ അസിസ്റ്റന്റുമാരും സബ് എഡിറ്ററും നൽകുന്ന കണ്ടന്റുകൾ എഡിറ്റ് ചെയ്ത് സോഷ്യൽ മീഡിയയിൽ നൽകുകയും വീഡിയോകൾ എഡിറ്റ് ചെയ്ത് തയ്യാറാക്കി പ്രചാരണം നടത്തുകയുമാണ് കണ്ടന്റ് എഡിറ്റർമാർ ചെയ്യേണ്ടത്. മൊബൈൽ വീഡിയോകൾ തയ്യാറാക്കുകയും മൊബൈൽ ഫോൺ ഉപയോഗിച്ച വീഡിയോകൾ എഡിറ്റ് ചെയ്ത് സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്യേണ്ടതാണ്. സോഷ്യൽ മീഡിയ മാനേജ്മെന്റ് ഫലപ്രദമായി നിർവഹിക്കുകയും വേണം.

<u>തിരഞ്ഞെടുപ്പ് രീതി</u>

എഴുത്ത് പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് പാനൽ പട്ടിക തയ്യാറാക്കുന്നത്. എഴുത്ത് പരീക്ഷയും ഇന്റർവ്യൂവും ജില്ല അടിസ്ഥാനത്തിലാണ് നടത്തുന്നത്. തിരുവനന്തപുരത്തെ ഇന്റർവ്യൂ വകുപ്പ് ഡയറക്ടറേറ്റിൽ വെച്ച് നടത്തുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് : 0471-2518637.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

പകർപ്പ്

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)